പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1092** 30.10.2019 ൽ മറുപടിയ്ക്ക്

# തൊഴിൽ നൈപുണ്യ സംരംഭക യൂണിറ്റുകൾ

*ചോദ്യം*

ശ്രീ.ശ്രീ.എം. സ്വരാജ്
ശ്രീ. വി. ജോയി
ശ്രീ.പി.ടി.എ. റഹീം
ശ്രീ. പി.കെ. ശശി

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| **(എ)** തൊഴിൽ മേഖലയിൽ ലോകത്താകമാനം വൻ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്താൻ ഉതകും വിധം തൊഴിൽ നൈപുണ്യശേഷി വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ;<br><br>**(ബി)** തൊഴിലില്ലായ്മയും തൊഴിൽ മേഖലയിലെ മാറ്റങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ അതിജീവിക്കുന്നതിന് യുവതലമുറയെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;<br><br>**(സി)** യുവജനങ്ങൾക്കായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പൊതു-സ്വകാര്യ മേഖലകളിലെ തൊഴിൽ സാധ്യതകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | **(എ) യും (ബി) യും (സി) യും**<br>വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന വിവിധ തൊഴിലധിഷ്ഠിത നൈപുണ്യവികസന പദ്ധതികൾ നടപ്പാക്കിവരുന്നു. തൊഴിലില്ലായ്മയും തൊഴിൽ മേഖലയിലെ മാറ്റങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ അതിജീവിക്കുന്നതിന് വിവിധ മേഖലകളിലെ തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തക്കവിധം യുവജനങ്ങളെ പ്രാപ്തരാക്കും വിധത്തിലാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. അടിസ്ഥാനയോഗ്യതകൾ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ വ്യാവസായിക മേഖലയുടെ ആനുകാലിക ആവശ്യകതക്ക് അനുസൃതമായി രൂപപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പരിശീലന പരിപാടികളാണ് സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ), അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ തുടങ്ങിയ പദ്ധതികളിലൂടെ നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം മത്സര പരീക്ഷകളും അഭിമുഖങ്ങളും നേരിടാൻ യുവജനങ്ങളെ പ്രാപ്തരാക്കും വിധമുള്ള എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമുകളാണ് കൗശൽ കേന്ദ്രകൾ മുഖേനയും ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ |

| | |
|---|---|
| | ഡെവലപ്പ്മെൻറ് സെന്ററുകൾ മുഖേനയും നടത്തി വരുന്നത്.<br><br>സാങ്കേതികവിദ്യയിലെ മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തൊഴിൽ സാദ്ധ്യത ഉറപ്പ വരുത്തുന്നതിന് പര്യാപ്തമായ വിവിധ കോഴ്സുകൾ, ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ നിർദ്ദേശപ്രകാരം വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകി വരുന്നുണ്ട്.<br><br>ഇതിനു പുറമെ നൈപുണ്യ പരിശീലനത്തിനായി ആവിഷ്കരിച്ച കേന്ദ്രസർക്കാർ പദ്ധതിയായ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജനയുടെ (PMKVY) Centrally Sponsored State Managed (CSSM) ഘടകം സംസ്ഥാനത്ത് KASE മുഖേന നടപ്പിലാക്കി വരുന്നു.<br><br>വിവര സാങ്കേതികവിദ്യയുടെ നൂതനവും വിപുലവുമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും, തൊഴിൽ ദാതാക്കളെയും മറ്റു സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക സംവിധാനമായ ജോബ് പോർട്ടൽ സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |
| **(ഡി)** എല്ലാ പഞ്ചായത്തുകളിലും തൊഴിൽ നൈപുണ്യ സംരംഭക യൂണിറ്റുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | **(ഡി)** നിലവിൽ തൊഴിലും നൈപുണ്യവും വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ